(സി) വീയപുരം പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിൽ നിന്നും സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ആവശ്യത്തിലേക്ക് വീയപുരം ഫോറസ്റ്റ് ഡിപ്പോവക സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) കുട്ടനാട്ടിലെ കൈനടിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) & (ഡി) ഇപ്പോൾ പരിഗണനയിലില്ല.

അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

61 [3757] *ശ്രീ. പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയും എം. സി. റോഡും തമ്മിൽ സന്ധിക്കുന്നതും, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ തൊട്ടടുത്ത ടൗണുമായ അങ്കമാലിയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നേയ്ക്ക് നടപ്പിലാക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഇക്കാര്യത്തിൽ പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കുരിയാർകുറ്റി-കാരാപ്പാറ കേസ്

62 [3759] *ശ്രീ. ടി. എം. ജേക്കബ്:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരിയാർകുറ്റി-കാരാപ്പാറ കേസിന്റെ ആദ്യത്തെ എഫ്. ഐ. ആർ. എന്നാണ് വിജിലൻസ് കോടതിയിൽ സമർപ്പിച്ചത്;

(ബി) ഇതിലെ പ്രതികൾ ആരെല്ലാമായിരുന്നു;

(സി) രണ്ടാമത് എഫ്. ഐ. ആർ. സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ്;

(ഡി) 2001-ൽ അധികാരത്തിൽ വന്ന സർക്കാർ ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ചിരുന്നോ;

(ഇ) ഇത് സംബന്ധമായി ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly